LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗം എന്നിവരുടെ വിവിധ വകുപ്പുകളിലെ പ്രാതിനിധ്യം സംബന്ധിച്ച റിവ്യൂ കമ്മിറ്റി

43 [852] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക വിഭാഗം എന്നിവരുടെ വിവിധ സർക്കാർ വകുപ്പുകളിലെ പ്രാതിനിധ്യം സംബന്ധിച്ച റിവ്യൂ കമ്മിറ്റി ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം എത്ര പ്രാവശ്യം കൂടിയിട്ടുണ്ട് ;

(ബി) റിവ്യൂ കമ്മിറ്റികളിൽ എത്ര സർക്കാർ വകുപ്പുകളാണ് പ്രസ്തുത വകുപ്പുകളിലെ പിന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുള്ളത് ; എത്ര വകുപ്പുകളാണ് ഇനി റിപ്പോർട്ട് നൽകാനുള്ളത് ; റിപ്പോർട്ട് നൽകാത്ത വ്കുപ്പ് അദ്ധ്യക്ഷൻമാരോട് സർക്കാർ വിശദീകരണം ചോദിച്ചിട്ടുണ്ടോ ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം മതിയായ തോതിൽ ഇല്ലാത്ത വകുപ്പുകൾ ഏതെല്ലാമാണ് ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം വേണ്ടത്ര തോതിൽ ഇല്ലാത്ത വകുപ്പുകളിൽ ഒഴിവുകൾ നികത്താൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) സർക്കാർ വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം പരിശോധിക്കുന്ന റിവ്യൂ കമ്മിറ്റി മീറ്റിംഗ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രണ്ട് പ്രാവശ്യം കൂടിയുണ്ട്. (2003-ലും 2004-ലും). മറ്റ് പിന്നോക്ക വിഭാഗത്തെ സംബന്ധിക്കുന്ന ഇപ്രകാരം ഒരു കമ്മിറ്റി നിലവിലില്ല. എന്നാൽ ഒ.ബി.സി. സംവരണം പൂർണ്ണമായും പാലിക്കുന്നത് ഉറപ്പുവരുത്തുവാൻ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ നിലവിലുള്ളതുപോലെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണ നടപടികൾ എടുത്തുവരുന്നു.

(ബി) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പരിശോധിക്കുന്ന വാർഷികാവലോകന റിപ്പോർട്ടുകൾ (as on 1-1-2005) എല്ലാ 83 സർക്കാർ വകുപ്പുകളിൽ നിന്നും ഇപ്പോൾ ലഭ്യമായിട്ടുണ്ട്. മറ്റ് പിന്നോക്ക വിഭാഗക്കാരെ സംബന്ധിച്ച റിവ്യൂ കമ്മിറ്റി നിലവിൽ വന്നിട്ടില്ല. അതിനാൽ അവരെ സംബന്ധിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) 1-1-2005-ലെ വാർഷികാവലോകന പ്രകാരം പുരാരേഖ വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ്, മോട്ടോർ വെഹിക്കിൾസ് വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, ട്രഷറീസ് വകുപ്പ് എന്നീ 7 വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ അനുപാതം മതിയായ തോതിൽ ഇല്ലാത്തതിനാൽ തസ്തികകൾ സംവരണം ചെയ്ത് കൊടുത്തിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ (14) പ്രകാരം പട്ടികജാതി (8%) പട്ടികവർഗ്ഗ (2%) അനുപാതം 8:2 എന്ന ക്രമത്തിൽ 10 ശതമാനം പാലിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. വാർഷികാവലോകന പ്രകാരം ഓരോ വകുപ്പുകളിലേയും പട്ടികജാതി/പട്ടികവർഗ്ഗ അനുപാതം നിശ്ചിത ശതമാനം പുലർത്തുന്നുണ്ടോയെന്ന് പരിശോധിക്കുകയും അനുപാതത്തിൽ കുറവുണ്ടെന്ന് കണ്ടാൽ തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സംവരണം ചെയ്ത് നൽകാറുമുണ്ട്. വാർഷികാവലോകന പ്രകാരം സംവരണം ചെയ്യുന്ന തസ്തികകളിലേക്ക് നടത്തുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ സ്ഥിതിവിവരങ്ങൾ മാസംതോറും സർക്കാർ അവലോകനം ചെയ്യുന്നുണ്ട്. മാത്രവുമല്ല സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി ത്വരിതപ്പെടുത്തുന്നതിലേക്കായി സംവരണം ചെയ്യപ്പെടുന്ന തസ്തികകളിൽ നിയമനം എത്രയും വേഗം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് തലവൻമാർക്കും നിയമനാധികാരികൾക്കും സർക്കുലർ മുഖേന നിർദ്ദേശം നൽകാറുമുണ്ട്.

പാലക്കാട് ജില്ല ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

44 [854] പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു എന്നുള്ള വിവരവും അവരുടെ ജാതി തിരിച്ചുള്ള വിവരവും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജില്ലയിൽ വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ യഥാസമയം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി & സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് കർശനമായ നിർദ്ദേശം വകുപ്പുതലവൻമാർ/നിയമനാധികാരികൾ എന്നിവർക്ക് നൽകിയിട്ടുണ്ട്.

GPM. 2/152/2013—10

LIBRARY ARCHIVES Kerala Legislative Assembly